## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1478** 13/07/2016-ൽ മറുപടിക്ക്

### നേമം വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിൽ സി.സി.എച്ച്. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയ തീരുമാനം

**ചോദ്യം**
ശ്രീ.ജെയിംസ് മാത്യു

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 2002 മുതൽ സി.സി.എച്ച് സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന്, ബഹു. ഹൈക്കോടതിയിൽ ആവശ്യമായ കാര്യങ്ങൾ ബോധിപ്പിക്കാതെ നേടിയെടുത്ത കോടതി ഉത്തരവിന്റെ മറവിൽ സർക്കാർ ഖജനാവിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഖജനാവിന് സാമ്പത്തിക ബാധ്യത വരുത്തുന്നതീരുമാനങ്ങൾ എടുത്തിട്ടില്ല. എന്നാൽ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക ബാധ്യത ഉള്ളതിനാൽ കോടതി വിധിയ്ക്കെതിരെ ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള നടപടികൾക്ക് ആരൊക്കെയാണ് ഉത്തരവാദികൾ ; അവരുടെ പേരിൽ എന്ത് നടപടികൾ സ്വീകരിച്ചു; | | |
| (സി) | മുൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ എന്നു മുതലാണ് ടി കോളേജിൽ സി.സി.എച്ച് പാറ്റേൺ നടപ്പാക്കാൻ തീരുമാനിച്ചത്; | (സി) | ഇത് സംബന്ധിച്ച് കൂടിയ യോഗത്തിന്റെ മിനിട്സിൽ തീയതി പരാമർശിച്ചിട്ടില്ല. |
| (ഡി) | സി.സി.എച്ച് പാറ്റേൺ 2002 മുതൽ നടപ്പാക്കാനുള്ള മുൻകാല പ്രാബല്യം ബഹു. കേരള ഹൈക്കോടതിയിൽ നിന്നും നേടിയെടുക്കാൻ ഉണ്ടായ സാഹചര്യം എന്താണ്; | (ഡി) | നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ മാനേജ്മെന്റും ജീവനക്കാരും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2006 മുതൽ വിവിധ കേസുകൾ ഫയൽ ചെയ്യുകയും 13.03.2015-ൽ സി.സി.എച്ച്. പാറ്റേൺ 2002 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കാൻ പൊതുവിധി ഉണ്ടാകുകയുമാണ് ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | ഇപ്രകാരമൊരു മുൻകാല പ്രാബല്യത്തിന് കോടതി ഉത്തരവ് വരുന്നതിന് മുമ്പ് സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നോ; | (ഇ) | ഇല്ല. |
| (എഫ്) | ഈ കാര്യത്തിൽ ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്ത കേസിൽ മുൻ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സർക്കാർ താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; | (എഫ്) & (ജി) | അപ്പീലിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു. |
| (ജി) | ഇല്ലെങ്കിൽ ഉത്തരവാദികളായവരുടെ പേരിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമോ ; ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുന്നതിനുള്ള നടപടികൾക്കും ആവശ്യമായ അന്വേഷണത്തിനും തയ്യാറാകുമോ ? | | |

സെക്ഷൻ ഓഫീസർ